A3-9303/ 06

നഗരകാര്യ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 08/02/07.

## 15–01–07 ൽ Kerala State Science & Technology Museum (Seminar Hall) തിരുവനന്തപുരത്ത് വച്ച് നടന്ന നഗരവികസന വകുപ്പിന്റെ പ്ലാൻ റിവ്യൂ മീറ്റിംഗിന്റെ നടപടിക്കുറിപ്പ്

സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു എല്ലാ മാസവും നടത്തി വരുന്ന പ്ലാൻ റിവ്യൂ മീറ്റിംഗ് ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.പാലൊളി മുഹമ്മദ്കുട്ടിയുടെ സാന്നിദ്ധ്യത്തിൽ ജനുവരി 15 ന് Kerala State Science & Technology Museum (Seminar Hall) തിരുവനന്തപുരത്ത് വച്ച് നടന്നു.

നഗരസഭാ സെക്രട്ടറിമാർക്ക് പുറമേ മുനിസിപ്പൽ ചെയർമാൻ / ചെയർപേഴ്സൺമാരെയും പങ്കെടുപ്പിച്ചു കൊണ്ടു നടന്ന യോഗത്തിൽ നഗരസഭകൾ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വരുത്തിയിട്ടുള്ള വീഴ്ച്ച വിലയിരുത്തുകയായിരുന്നു പ്രധാന അജണ്ട. നഗരകാര്യ ഡയറക്ടർ ശ്രീ.എ.ഷാജഹാൻ.ഐ.എ.എസ് യോഗത്തിൽ അദ്ധ്യക്ഷ്യം വഹിച്ചു. യോഗത്തിൽ പങ്കെടുത്തുവരുടെ ലിസ്റ്റ് അനുബന്ധം (1) ചേർത്തിരിക്കുന്നു.

### ആമുഖം

നഗരകാര്യ ഡയറക്ടർ ശ്രീ.എ.ഷാജഹാൻ.ഐ.എ.എസ് യോഗത്തിലേയ്ക്ക് എല്ലാവരെയും സ്വാഗതം ചെയ്യുകയും 17–8–06 മുതൽ എല്ലാ മാസവും നടന്നു വന്നിരുന്ന PRM ഡിസംബർ 2006 ൽ നടത്താതിരുന്നതിന്റെ കാരണം വിശദീകരിച്ചു. നഗരഭരണ രംഗത്ത് പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നതായും ഇക്കാര്യത്തിൽ നഗരസഭാ അദ്ധ്യക്ഷൻമാരുടെയും, നഗരസഭാ സെക്രട്ടറിമാരുടെയും, പങ്ക് സ്തുത്യർഹമാണെന്ന് വിലയിരുത്തി. നഗരഭരണം മെച്ചപ്പെടുത്തുന്നതിനു നഗരകാര്യ ഡയറക്ടറേറ്റിന്റെ ഭാഗത്ത് നിന്നും എല്ലാ സഹായം ഉണ്ടാകുമെന്നും, നഗരസഭകളിൽ നിലവിലുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനു PSC യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും

അറിയിച്ചു. എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഏകദേശം 250 ഒഴിവുകളും, എഞ്ചിനീയറിംഗ് വിഭാഗത്തിൽ 150 ഒഴിവുകളും ഉള്ളതായും ടി ഒഴിവുകൾ പി.എസ്.സി മുഖേന നികത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുള്ളതായും ഡയറക്ടർ പരാമർശിച്ചു. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും അനുമതി ആവശ്യമുള്ള സംഗതികളിൽ എത്രയും വേഗം ഉത്തരവ് പുറപ്പെടുവിക്കുന്നതിനും സർക്കാരിലേയ്ക്ക് അയക്കേണ്ട് അപേക്ഷകൾ യഥാസമയം അയക്കുന്നതിനും പരമാവധി ശ്രമിക്കുന്നുണ്ടെന്നു ഡയറക്ടർ വ്യക്തമാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പ്രോജക്ട് തയ്യാറാക്കുന്നതിനും അംഗീകാരം നേടി എടുക്കുന്നതിനും നഗരസഭാ അദ്ധ്യക്ഷൻമാരുടെയും, നഗരസഭാ സെക്രട്ടറിമാരും വഹിച്ചിട്ടുള്ള പങ്ക് സ്തുത്യർഹമാണെന്ന് ഡയറക്ടർ എടുത്തു പറഞ്ഞു. നഗരസഭകൾ നിയമപരമായ ഏറ്റെടുക്കേണ്ട ഉത്തരവാദിത്വങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും കേരളത്തിലെ അറവുശാലകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരിത്തുന്നതിനു ബഹു: സുപ്രീം കോടതി ചുമതലപ്പെടുത്തിയ സംഘം നടത്തിയ പരിശോധനയിൽ 9 നഗരസഭ പ്രദേശങ്ങളിൽ ഉള്ള അറവുശാലകളുടെ പ്രവർത്തനം വളരെ ശോചനീയാവസ്ഥയിൽ ആണെന്ന് കണ്ടെത്തിയിട്ടുള്ളതായും ഇക്കാര്യം കോടതിയിൽ റിപ്പോർട്ട് ചെയ്താൽ ഗുരുതരമായ നടപടികൾ ഉണ്ടാകാൻ സാദ്ധ്യത ഉള്ളതായും ആയതിനാൽ ഇക്കാര്യത്തിലുള്ള വീഴ്ച്ചകൾ ഉടനെ പരിഹരിക്കേണ്ടതാണെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

സർക്കാരിൽ നിന്നും നേരിട്ടും, നഗരകാര്യ വകുപ്പ് മുഖേനയും നഗരസഭകൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുകകൾ സമയബന്ധിതമായി ചെലവ് ചെയ്യുന്നതിനും കൂടാതെ നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതിനും കഴിഞ്ഞ PRM ൽ ആവശ്യപ്പെട്ടിരുന്നെങ്കിലും , ഇക്കാര്യം നഗരസഭ കൗൺസിലുകളുടെ ശ്രദ്ധയിൽപ്പെടുത്തി സത്വര നടപടികൾ സ്വീകരിച്ചിട്ടില്ലെന്നതാണ് കാണുന്നത് എന്ന് വ്യക്തമാക്കി. നഗരസഭകൾ പിരിച്ചെടുക്കേണ്ട നികുതി കൃത്യമായും, ന്യൂനതകൾ പരിഹരിച്ചു കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് നടപടി എടുക്കുന്നതിനും, വിവിധ ആവശ്യങ്ങൾക്കുള്ള നഗരസഭകളിൽ വരുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് തയ്യാറാകണമെന്നും, എല്ലാ കാര്യങ്ങളിലും നഗരകാര്യ വകുപ്പിന്റെയും സർക്കാരിന്റെ ഭാഗത്തു നിന്നും പൂർണ്ണമായ സഹകരണം ഉണ്ടാകുമെന്നും ഡയറക്ടർ അറിയിച്ചു.

അജണ്ട

**ITEM No.1**
**ശ്രീ.എസ്.എം.വിജയാനന്ദ്. ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി,**
**തദ്ദേശ സ്വയംഭരണ വകുപ്പ്.**

- 11–ാം പദ്ധതിയുടെ ഭാഗമായി സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കരട് രേഖ തയ്യാറാക്കിയിട്ടുള്ളതായി അറിയിച്ചു. കേന്ദ്ര അർബൻ ഡവലപ്മെന്റ് സെക്രട്ടറി കേരളം സന്ദർശിച്ച അവസരത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്തുവെന്നും, 9, 10 പദ്ധതികളിൽ ലഭിച്ചതിൽ നിന്നും അധികമായി നഗരവികസനത്തിന് 11–ാം പദ്ധതിയിൽ കേന്ദ്ര സഹായം ലഭിക്കുന്നതാണെന്നും അറിയിച്ചു. കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകൾ നേടിയെടുക്കുന്നതിന് കേരളം വളരെ പിറകിലാണെന്നും ആയത് ഗൗരവമായി കാണേണ്ടതാണെന്നും അറിയിച്ചു. ആവശ്യം മുൻനിർത്തിയുള്ള പദ്ധതികൾ കേന്ദ്രസഹായം ലഭിക്കുന്നതിന് തയ്യാറാക്കേണ്ടതാണെന്നും, JNNURM പദ്ധതി പ്രകാരം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതായും അറിയിച്ചു. 9 നഗരസഭകളിൽ നിന്നും IHSDP പദ്ധതിയിൻ കീഴിൽ ലഭിച്ച പ്രോജക്ടുകൾ അംഗീകാരത്തിന് അയക്കുന്നതായും ഈ പദ്ധതിപ്രകാരം പ്രോജക്ടുകൾ ഒരിക്കൽ കൂടി പരിഗണിക്കും എന്നതിനാൽ അപേക്ഷകൾ സമർപ്പിക്കാത്ത നഗരസഭകൾ ഉടൻ സമർപ്പിച്ചാൽ അംഗീകാരത്തിന് അയക്കുന്നതാണെന്നും അറിയിച്ചു. UIDSSMT സ്കീം അംഗീകാരത്തിനായി ചില നഗരസഭകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾ നിശ്ചിത മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ അംഗീകാരം ലഭിക്കുന്നതല്ലെന്നും, JNNURM പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി നഗരസഭകൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ അതേ രീതിയിൽ പകർത്തി നൽകിയിട്ടുള്ളതായും ബോദ്ധ്യപ്പെട്ട വിവരം ചൂണ്ടിക്കാണിച്ചു. ഇക്കാര്യത്തിൽ ചുവടെ പറയുന്ന സംഗതികളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടു.

(1) DPR തയ്യാറാക്കി അയക്കണം.

(2) കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇത് സംബന്ധിച്ച ധാരണ പത്രത്തിൽ ഒപ്പിടേണ്ടതുണ്ട്. IDSMT, VAMBAY പദ്ധതികൾ പ്രകാരം ലഭിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്ത നഗരസഭകൾ ഉടനെ UC നൽകേണ്ടതാണ്

അല്ലാത്തപക്ഷം പ്രോജക്ട് പരിഗണിക്കുന്നതല്ല. IDSMT സ്കീം നടപ്പിലാക്കുന്നതിൽ കേരളം വളരെ പുറകിലാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

- കേരളത്തിൽ അറവുശാലകളുടെ പ്രവർത്തനം നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ കർശന നിർദ്ദേശം ബഹു: സുപ്രീം കോടതിയിൽ നിന്നും ലഭിക്കുന്നതിന് സാദ്ധ്യതയുള്ളതായും അറിയിച്ചു. സമയബന്ധിതമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി അറവുശാലകളുടെ പ്രവർത്തനം നിയമാനുസൃതം നടത്തേണ്ടതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള വീഴ്ചകൾക്ക് സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരുടെ വിശദീകരണം സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും വ്യക്തമാക്കി. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാനിൽ നിന്നും ലഭിച്ച 27-11-06 ലെ PCB/MSW/GEN-43/2004 ാം നം കത്തിന്റെ പകർപ്പ് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ചെയർമാൻമാർക്കും നൽകികൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി.

- തുടർന്ന് 11-ാം പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കി. നഗരസഭകൾക്ക് കൈമാറി കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരെയും നഗരസഭകളുടേതായി കൂട്ടിച്ചേർത്ത് നഗരഭരണം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം –

- നഗരവികസനത്തിൽ ജനകീയ കൂട്ടായ്മ ആവശ്യമാണെങ്കിലും വാർഡ് സഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണെന്ന കണ്ടെത്തിയിട്ടുള്ള എല്ലാ പരിപാടികളിലും പൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് കൂട്ടായ ശ്രമം ആവശ്യമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

- പ്ലാൻ തയ്യാറാക്കുന്നതിന് നടപടിക്രമങ്ങൾ ശാസ്ത്രീയമായി കൈക്കൊള്ളേണ്ടതും, പുതിയ ആസൂത്രണ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതുമാണെന്നും അറിയിച്ചു. എല്ലാ നഗരസഭകളും സിറ്റി ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതാണെന്നും ആയതിലേയ്ക്കായി നഗരസഭാ സെക്രട്ടറി, എഞ്ചിനീയർ, ഹെൽത്ത് ഓഫീസിർ എന്നിവർ ഉൾപ്പെടെ 8–10 പേര് അടങ്ങുന്ന വിദഗ്ധ ടീം രൂപപ്പെടുത്തേണ്ടതാണെന്നും അറിയിച്ചു.

നടപടി. : നഗരസഭാ സെക്രട്ടറിമാർ

- നഗരശഭകൾ പുതിയ പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും ആയതിൽ പൊതുജനങ്ങൾക്കുള്ള മെച്ചപ്പെട്ട സേവനം, അംഗൻവാടി, ആശുപത്രി, സ്കൂൾ തുടങ്ങിയ മേഖലകളിലെ സേവനം മെച്ചപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടു. പ്രാദേശിക നിർമ്മാണങ്ങളും, കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുന്നതിനും ഉൾപ്പെടെ ജനകീയ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടു.

- 11–ാം പദ്ധതി പ്രകാരം ഓരോ ജില്ലയ്ക്കും ഒരു പ്ലാൻ എന്ന പ്രകാരം വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും പ്രസ്തുത സ്കീം നടത്തിപ്പിനു കുറ്റമറ്റ രീതിയിൽ മോണറ്ററിംഗ് നടത്തുന്നതിന്, കഴിഞ്ഞ 10–വർഷം നഗരസഭകൾ കൈവരിച്ച പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. പദ്ധതികളുടെ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതും എല്ലാ മാസവും പ്രത്യേക യോഗം ചേർന്ന പുരോഗതി വിലയിരുത്തുന്നതിനു ആവശ്യപ്പെട്ടു.

- ADB പദ്ധതി പ്രകാരമുള്ള പുരോഗതിയും ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി നിയമസഭയിൽ പറയേണ്ടതുണ്ട്. എന്നതിനാൽ ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് അറിയിച്ചു.

- SCP സ്കീം ഉദ്ദേശിച്ച പുരോഗതി കൈവരിച്ചിട്ടില്ലാ എന്നും SC/ST വിഭാഗത്തിന്റെ ഉന്നമനത്തിനും വ്യക്തമായ പദ്ധതി തയ്യാറാക്കി വിദ്യാഭ്യാസം, ആരോഗ്യം, 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോഷക ആഹാരം ഉറപ്പു വരുത്തുന്നതിനും Total Sanitation, Total Energy, ഭവനം എന്നീ മേഖലകളിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ടു.

നടപടി. : നഗരസഭാ സെക്രട്ടറിമാർ

- നഗരസഭാ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതിനു വേണ്ടി വൈദ്യുതി വകുപ്പിൽ നൽകുന്ന തുകയുടെ കൃത്യത ആവശ്യമായതിനാൽ ഉപയോഗിക്കുന്ന വൈദ്യുതി മീറ്റർ ഘടിപ്പിച്ച് അറിഞ്ഞ് അതു പ്രകാരം താരിഫ് നിശ്ചയിച്ച് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനു ആവശ്യപ്പെട്ടു.

നടപടി. : നഗരസഭാ സെക്രട്ടറിമാർ

- 11–ാം പദ്ധതിയിൽ ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് കംപ്യൂട്ടർ പരിശീലനം നൽകുന്നതാണെന്നം, ആലപ്പുഴ, തലശ്ശേരി നഗരസഭകളിൽ Double Entry System ഉടൻ നടപ്പിലാക്കേണ്ടതാണെന്നും ശേഷിര്രുന്ന നഗരസഭകളിലും Double Entry System ഉടൻ നടപ്പിലാക്കുന്നതാണെന്നും അറിയിച്ചു.

- Universal Birth Registration ന്റെ ഭാഗമായി 18 വയസ്സ് വരെയുള്ള കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിനു സ്വീകരിയ്ക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണെന്നും ആയത് വിജയകരമായി നടപ്പിലാക്കുന്നിനും നഗരസഭകൾ നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടു.

നടപടി : തദ്ദേശ സ്വയംഭരണ വകുപ്പ്

- മുനിസിപ്പൽ ചെയർമാൻമാരുടെ യോഗം തുടർന്ന് എല്ലാ 3 മാസത്തിൽ ഒരിക്കൽ നടത്തുന്നതായിരിക്കും എന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

- നഗരസഭ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ടുള്ള കരട് രേഖ തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് 1-4-2007 മുതൽ നടപ്പിൽ വരുത്തുന്നതാണെന്നും വ്യക്തമാക്കി.

- മുനിസിപ്പൽ സെക്രട്ടറിമാരുടെയും എഞ്ചിനിയർമാരുടെയും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു.

- നഗരസഭാ പ്രദേശങ്ങളിലെ വസ്തു നികുതി 1-4-2007 മുതൽ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളതും ഇക്കാര്യം നടപ്പിൽ വരുത്തുന്നതിന് മാദ്ധ്യമങ്ങളിലൂടെ ആവശ്യമായ പ്രചാരണം നടത്തുന്നതിനു നടപടി സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കി.

നടപടി : തദ്ദേശ സ്വയംഭരണ വകുപ്പ്

- നഗരസഭകളുടെ അധീനതയിലുള്ള സ്കൂളുകളുടെ പുനരുദ്ധാരണത്തിന് മെയിന്റനന്സ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് കെട്ടിടം നിർമ്മിക്കുന്നതിനും വസ്തു വാങ്ങുന്നതിനു 19500/- രൂപ മാത്രമേ അനുവദിക്കാവൂ എന്നാൽ ടി തുകയുടെ വസ്തു ലഭിക്കാൻ സാദ്ധ്യതയില്ലാത്തതിനാൽ പദ്ധതി തുക ചെലവു വളരെ കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, നഗരസഭ നേരിട്ടു വസ്തു വാങ്ങി നൽകുന്നതിനു വേണ്ടി തുക ചെലവഴിക്കുന്നതിൽ പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പട്ടിക ജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് ആവശ്യമായ സ്ഥലം നഗരസഭ തന്നെ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും ഇക്കാര്യം സംബന്ധിച്ച വിശദമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് അറിയിച്ചു.

നടപടി. : നഗരസഭാ സെക്രട്ടറിമാർ

- 11–ാം പദ്ധതിയുടെ ഭാഗമായി സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള തയ്യാറാക്കിയ കരട് രേഖയുടെ പകർപ്പുകൾ നഗരസഭാ സെക്രട്ടറിമാർക്കും ചെയർമാൻമാർക്കും നൽകി.

**ITEM No.3**
**ശ്രീ.സി.ദിവാകരൻ**
**ചെയർമാൻസ് ചേംബർ**

- നഗരസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നഗരവികസനത്തിനും വേണ്ടി സ്വീകരിക്കേണ്ട ചുവടെ പരാമർശിച്ചിട്ടുള്ള സംഗതികളിൽ തീരുമാനം കൈക്കൊള്ളുന്നതിനും സർക്കാർ നടപടി എടുക്കുന്നതിനും അഭ്യർത്ഥിച്ചു.

1. 9, 10 പദ്ധതികാലത്ത് നഗരവികസനം ഗൗരവമായി ഏടുത്തിരുന്നില്ല. 11–ാം പദ്ധതികാലത്ത് നഗരവികസനം, നഗരസംവിധാനങ്ങൾ, നഗരങ്ങളുടെ നടത്തിപ്പ് എന്നിവ ഗൗരവമായി എടുക്കാൻ സർക്കാർ ഭാഗത്ത് നിന്ന് ഇനി കൂടുതൽ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

2. സെക്രട്ടറിമാരെ മാസത്തിലൊരിക്കൽ വിളിച്ചു റിവ്യൂ ചെയ്യുന്നതു പോലെ മൂന്നു മാസത്തിലൊരിക്കൽ നഗരസഭയുടെ മാരുടെ യോഗം നിർബന്ധമായും വിളിച്ചു ചേർക്കേണ്ടതാണ്.

3. നഗരകാര്യ ഡയറക്ടർ പൂർണ്ണമായും നഗരഭരണത്തിനു ലഭ്യമാക്കണം.

4. നഗരസഭകളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തണം.

5. നഗരസഭകളുടെ ഒരാവശ്യം Directorate ൽ / സർക്കാർ ഉന്നയിച്ചാൽ ഒരാഴ്ച്ചയ്ക്കകം പരിഗണിച്ചു കിട്ടുന്നതിനുള്ള സംവിധാനം വേണം.

6. Property Tax – റിവിഷൻ ഉടനെ ആരംഭിക്കുന്നതിനുള്ള ഉത്തരവുണ്ടാകണം.

7. IHSDP UIDSSMT പ്രോജക്ടുകൾ ഉടനെ സമർപ്പിക്കുവാനും എല്ലാ നഗരസഭകൾക്കും ഈ സ്കീമുകൾ കിട്ടാനുള്ള സംവിധാനം ഉണ്ടാകണം.

8. നഗരസഭകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ വൻതുകയാണ് നീക്കിവെച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരിക്കാൻ ഇപ്പോഴുള്ള തടസ്സങ്ങൾ നീക്കാൻ കഴിയണം.

9. പ്ലാൻഫണ്ട് – നഗരസഭകൾക്ക് ചിലവു അധികമായതിനാൽ വർദ്ധനവുണ്ടാകണം.

10. Plan Fund ന്റെ Additional ആണ് Maintenance Grant എങ്കിലും Road - Non road ഇന്നുള്ള proportion ൽ ഒരു flexibility വേണം. Roads ന് കുറേ കൂടി ഊന്നൽ വേണം.

11. Plan, Building നിർമ്മാണത്തിന്റെ കാര്യത്തിൽ മെയ് 31 വരെ carry over സംവിധാനം വേണം.

12. ഖരമാലിന്യ പ്ലാന്റുകളുടെ പ്രവർത്തിനത്തിനായി / നഗരസഭകൾ യഥാർത്ഥമായി ഒരോ വർഷവും വലിയ ചിലവു വഹിക്കേണ്ടി വരുന്നത് കണക്കിലെടുത്ത് ഈ ഇനത്തിൽ. പ്ലാൻ ഫണ്ടിൽ നിന്ന് ഒരു വിഹിതം ചിലവഴിക്കാൻ തീരുമാനമുണ്ടാകണം.

13. SC ഫണ്ട് പല നഗരസഭകൾക്ക് ചിലവഴിക്കാനാവുന്നില്ല. പ്രതേകിച്ച് വീടിന്.

14. ടാർ നൽകുന്നത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവ് വരാത്തതിനാൽ പൊതുമരാമത്ത് പ്രവർത്തനങ്ങൾ തടസ്സം നേരിടുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ നടപടി ഉണ്ടാകണം.

**ITEM No.3(b)**
**ശ്രീ.പി.ചിത്തരഞ്ജൻ**
**സെക്രട്ടറി, ചെയർമാൻസ് ചേംബർ**

- 2006 ലെ നിയമസഭ തെരഞ്ഞെടുപ്പായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ മേയ്, ജൂൺ വരെ ഉണ്ടായിരുന്നതിനാൽ 2006–07 വർഷത്തെ വാർഷിക പദ്ധതി പ്രകാരമുള്ള തുക ചെലവിടുന്നതിൽ കഴിഞ്ഞിട്ടില്ലെയെന്നും, വാർഷിക പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി മെയ് 31 വരെ അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. നഗരസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അക്കൗണ്ട്സ്, കമ്പ്യൂട്ടർ എന്നിവ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരായ ജീവനക്കാരെ നിയമിക്കുന്നതിനും നഗരസഭകളിലെ ജോലിഭാരം കണക്കിലെടുത്ത കാലാനുസൃതമായി പുതിയ തസ്തികകൾ അനുവദിക്കുന്നതിനും ആവശ്യപ്പെട്ടു.

- ജില്ലാ വികസന യോഗങ്ങളിൽ ബന്ധപ്പെട്ട മുനിസിപ്പൽ ചെയർമാൻമാരെ കൂടി പങ്കെടുപ്പിക്കുന്നതിനു DPC യുമായി ബന്ധപ്പെട്ട ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന അഭ്യർത്ഥിച്ചു.

- മരാമത്ത് പ്രവർത്തികൾക്ക് പൊതുമരാമത്ത് വകുപ്പിൽ അനുവദിക്കുന്ന അധിക നിരക്ക് നഗരസഭകളിലും സാധന സാമഗ്രകളുടെ വിലവർദ്ധനവു കണക്കിലെടുത്ത് അനുവദിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു.

**ITEM NO.4**
**ശ്രീ.പാലൊളി മുഹമ്മദ് കുട്ടി**
**ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**

- നടപ്പു വർഷം പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് 2 1/2 മാസം കൂടി അവശേഷിക്കുന്നു എന്നുള്ള വസ്തുത കണക്കിലെടുത്ത് ഓരോ രംഗത്ത് സ്ഥിതി ഗതികളെ നഗരസഭ വിശദമായി ചർച്ച ചെയ്ത് ശേഷിക്കുന്ന 2 1/2 മാസം കൊണ്ട് നിശ്ചിത ലക്ഷ്യം പൂർത്തിയാക്കുന്നതിനും ബഹു: മന്ത്രി നിർദ്ദേശിച്ചു. പ്ലാൻ പ്രവർത്തനം അവലോകനം നടത്തി തൃപ്തികരമായി കൊണ്ടു പോകുന്നതിനും നേരിടുന്ന തടസ്സങ്ങൾ പരിഹാരം കാണുന്നതിനും നിരന്തരമായ ശ്രമത്തിലൂടെ അവശേഷിക്കുന്ന സമയത്തിൽ തന്നെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനും നഗരസഭകൾക്ക് കഴിയും എന്നും ബഹു: മന്ത്രി അഭിപ്രായപ്പെട്ടു. ഇപ്പോൾ ഇവിടെ നടക്കുന്ന PRM ന്റെ മാതൃകയിൽ എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാരും, സെക്രട്ടറിമാരും മുൻകൈ എടുത്ത് നഗരസഭകളുടെ പ്രവർത്തനങ്ങളുടെ എല്ലാ മേഖലയിലും വിശദമായി പരിശോധന നടത്തി, വസ്തുതകൾ മനസ്സിലാക്കി, വീഴ്ചകൾ കണ്ടെത്തി അത് തരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതിനും ബഹു: മന്ത്രി ആവശ്യപ്പെട്ടു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

- നഗരസഭ ഭരണം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാരുടെ പ്രവർത്തനം സംബന്ധിച്ച സജീവ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കൃത്യ വിലോപം വരും എന്നതിൽ സംശയമില്ല എന്നും കൂട്ടായ

പ്രവർത്തനങ്ങളിലൂടെയും ചർച്ചകളിലൂടെയും സുഗമമായ പ്രവർത്തനം നടത്തുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്നതിന് ആവശ്യപ്പെട്ടു.

- നഗരസഭകൾ പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ കണക്കുകൾ

അവതരിപ്പിച്ചത് ബഹു: തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി പരിശോധിക്കുകയും പദ്ധതി വിഹിതം ചെലവിടുന്നത് നഗരസഭകൾ ഒരേ രൂപത്തിൽ അല്ലാ എന്നും ചില നഗരസഭകളുടെ പ്രവർത്തനം വളരെ നിരാശപ്പെടുത്തുന്നതാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. മാർച്ച് മാസം അവസാനിക്കുന്നതിന് മുൻപായി ഇക്കാര്യത്തിൽ നഗരസഭകൾ ലക്ഷ്യം കൈവരിക്കാൻ ആകുമോ എന്ന കാര്യത്തിൽ ആശങ്ക പ്രകടപ്പിച്ചു. പദ്ധതി തുക ചെലവിടുന്നതിൽ നഗരസഭകൾ നേരിടുന്ന പ്രശ്നങ്ങൽ എന്തെല്ലാം ആണെന്നത് സംബന്ധിച്ച വ്യക്തമായ ധാരണ ഉണ്ടാവണം എന്നും, നഗരസഭകൾക്ക് ലഭിച്ച തുകകൾ ലാപ്സായി പോകാതെയിരിക്കുന്നതിന് ഇക്കാര്യത്തിൽ ഒരു പുനർ ചിന്തനം നടത്തുന്നതിനും ആവശ്യപ്പെട്ടു. ഇതു വളരെ ഗൗരവമായി കാണേണ്ടതാണെന്നും നഗരസഭകൾക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങൽ അതേപടി നിലനിർത്തുന്നതിനും തുർന്ന് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സംഭവിച്ചിട്ടുള്ള അപാകതകൾ പരിശോധിച്ച് തിരുത്തുന്നതിനും നിർദ്ദേശിച്ചു. മാർച്ച് മാസം അവസാനിക്കാറാകുമ്പോൾ ധൃതി പിടിച്ച് കുറെ പണം ചെലവഴിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നതെന്നും ഇങ്ങനെ അവസാന നിമിഷം ശ്രമിച്ചാൽ ചിലപ്പോൾ ലക്ഷ്യത്തിൽ എത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്നും അയത് ഒഴിവാക്കുന്നതിന് കരുതലോടെ പ്രവർത്തിക്കുന്നതിനും ആവശ്യപ്പെട്ടു.

- ജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ, കുടിവെള്ളം, റോഡ്,

വൈദ്യുതി മുതലായവ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടു. നഗരസഭകൾക്ക് ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാൻ കഴിയാതെവരുന്നു എന്ന ആക്ഷേപം ഉണ്ടെന്നും, അധികാര വികേന്ദ്രീകരണം മുഖേന ലഭിച്ച അധികാരങ്ങൾ നിർനിർത്തുന്നതിനും ശ്രമിക്കേണ്ടതാണെന്നും വ്യക്തമാക്കി. കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ കോടികണക്കിന് രൂപ സംസ്ഥാനങ്ങൾക്ക് ലഭിച്ചു വരുന്നു എന്നും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കേന്ദ്ര വിഹിതം നേടി എടുക്കുന്നതിൽ വളരെ പിറകിലാണെന്നും, പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമ്മുടെ സംസ്ഥാനം വൈകി മാത്രമാണ് ചിന്തിച്ചിട്ടുള്ളതെന്നും ബഹു: മന്ത്രി പരാമർശിച്ചു.

▪ ഇക്കാര്യം നിസ്സാരമായി കാണരുതെന്നും, നമ്മുടെ സർക്കാരിന് നഗരസഭകൾക്ക് വേണ്ടി ഫണ്ട് അനുവദിക്കുന്നതിൽ പരിമിതികൾ ഉണ്ടെന്നും അതെല്ലാം മറികടന്ന് പദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടി എടുക്കുന്നതിനു ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണെന്നും ബഹു: മന്ത്രി അറിയിച്ചു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

▪ ഖരമാലിന്യ സംസ്കരണത്തിനു ഉൾപ്പെടെ നഗരസഭയുടെ ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിൽ ചില നഗരസഭകൾ ശ്രദ്ധിയ്ക്കുകയും ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിലും ചില നഗരസഭകൾ ഈ വിഷയം ഗൗരവമായി പരിഗണിച്ചിട്ടില്ലാ എന്നും ആത്മാർത്ഥമായി ശ്രദ്ധ പതിപ്പിച്ചു ഭാവിയിലെ ആവശ്യംകൂടി മുൻനിർത്തി ഈ കാര്യത്തിൽ നടപടി ഉടൻ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

▪ നഗരസഭാ പ്രദേശങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തുടക്കത്തിലെ കണ്ടെത്തി നടപടി എടുക്കുന്നതിന് ബഹു: മന്ത്രി നിർദ്ദേശിച്ചു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

▪ നഗരങ്ങളുടെ വികസനവും വാഹനങ്ങളുടെ വർദ്ധനവും മുന്നിൽ കണ്ടുകൊണ്ട് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചു.

▪ നിലവിൽ നിയമാനുസൃതം ലഭിക്കേണ്ട നികുതികൾ ലഭിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് എന്തെങ്കിലും നഗരസഭാ സെക്രട്ടറിമാർക്ക് തൃപ്തികരമായി ഉത്തരം നൽകുന്നതിന് കഴിയില്ലാ എന്നും പഴയ കെട്ടിടങ്ങൾ പൊളിച്ചു പുതിയവ നിർമ്മിക്കുമ്പോൾ അതിനനുസൃതമായി നഗരസഭകൾക്ക് നികുതി വരുമാനം വർദ്ധിക്കുന്നില്ലെന്നും, ഇതൊക്കെ സംഭവിക്കുന്നത് ഇത് കൈകാര്യം ചെയ്യുന്നതിലുള്ള വീഴ്ച കാരണം ആണെന്നും, വന്നിട്ടുള്ള വീഴ്ച്ചകൾ തിരുത്താൻ കഴിയണം എന്നും ആയതിലേയ്ക്ക ശ്രമിക്കുന്നതിനും ആവശ്യപ്പെട്ടു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

- നഗരസഭകളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് മുമ്പത്തെ മനോഭാവത്തിൽ നിന്നും വിട്ട് പുതിയ കാര്യങ്ങൾ ചെയ്യുന്നതിന് സന്നദ്ധരാകേണ്ടതാണെന്നും, നഗരസഭാ പ്രദേശങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് നികുതി ഇളവുകൾ അനുവദിക്കുന്ന കാര്യത്തിൽ ഒന്നൂംകൂടി ആലോചിക്കേണ്ടതാണെന്നും, ഇഷ്ടം പോലെ ഇളവുകൾ അനുവദിക്കുന്നതിനുള്ള സാമ്പത്തിക ഭദ്രത ഉണ്ടോ എന്നും ആരാഞ്ഞു. സൗജന്യം മാത്രം നൽകി കൊണ്ട് രാജ്യം മെച്ചപ്പെടുത്താൻ കഴിയില്ലാ എന്നുള്ളത് എടുത്തു പറഞ്ഞു. കുടിവെള്ളം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിനു പൊതു ജനങ്ങളുമായി നല്ലബന്ധം സൃഷ്ടിക്കുന്നതിനും ബഹു: മന്ത്രി ആവശ്യപ്പെട്ടു.

**ITEM.NO.5**
**ശ്രീ.റ്റി.കെ.ജോസ്.ഐ.എ.എസ്**
ഗവ: സെക്രട്ടറി,
തദ്ദേശ സ്വയംഭരണ വകുപ്പ്.

- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ എല്ലാ നഗരസഭാ ചെയർമാൻമാരുടെയും ഫോട്ടോ ലഭ്യമാകുന്നതാണ് എന്ന് അറിയിച്ചു. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി 9–1–07 വരെ പരിശോധിച്ചതിൽ വളരെ പിന്നിൽ ആണങ്കിൽ ഇക്കാര്യത്തിൽ വേഗത്തിൽ പുരോഗതി ഉണ്ടാക്കുന്നതിനും ആ വിവരം റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യപ്പെട്ടു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

- പദ്ധതി പ്രവർത്തനങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സെക്രട്ടറി മുൻനിരയിൽ പ്രവർത്തിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ എല്ലാ തരത്തിലും നഗരകാര്യ വകുപ്പിന്റെയും, സർക്കാരിന്റെയും ഭാഗത്തു നിന്നും പൂർണ്ണമായ സഹായസഹകരണം ഉണ്ടാകുന്നതാണെന്നും ആയതിലേയ്ക്കായി കോ–ഓർഡിനേഷൻ കമ്മിറ്റി 2 ആഴ്ച്ചയിൽ ഒരിക്കൽ ചേരുന്നതാണെന്നും അറിയിച്ചു.

- Land Acquisiton വേണ്ടിയുള്ള അനുമതി 7 ദിവസത്തിനുള്ളിൽ സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കി. നഗരസഭകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് നഗരസഭ തലത്തിൽ Implementing Officer ടെ നേതൃത്വത്തിൽ 15 ദിവസത്തിൽ ഒരിക്കൽ യോഗം ചേരുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടെങ്കിൽ ആയത് അതാത് തലത്തിൽ പരിഹരിക്കുന്നതിനും, DPC യുടെ അംഗീകാരം ആവശ്യമുള്ള സംഗതികളിൽ എത്രയും വേഗം അംഗീകാരം ലഭ്യമാക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുവെങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും ആവശ്യപ്പെട്ടു.

- Higher DPC, Lower DPC Schedule ചെയ്ത് കൂടി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉയർന്ന തസ്തികളിൽ ഉള്ള ഒഴിവുകൾ ഉടൻ നികത്തുന്നതാണെന്നും അറിയിച്ചു.

- SCP ഫണ്ട് വിനിയോഗിക്കുന്നതിൽ നഗരസഭകൾ പുരോഗതി കൈവരിച്ചിട്ടില്ലായെന്നും ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവിൽ അവ്യക്ത ഉള്ളതിനാൽ നടപടി ക്രമങ്ങൾ സംബന്ധിച്ച clarification ഉടൻ പുറപ്പെടുവിക്കുന്നതാണെന്ന് വ്യക്തമാക്കി. SCP ഫണ്ട് വിനിയോഗിച്ച ഒരു വ്യക്തിക്ക് പണം അനുവദിച്ച് സ്ഥലം വാങ്ങുന്നതിനാണ് നിയന്ത്രണം ഉള്ളത്. എന്നാൽ നഗരസഭ നേരിട്ട് സ്ഥലം ഏറ്റെടുത്ത് നൽകുന്നപക്ഷം ഫണ്ട് ചെലവിടുന്നതിന് നിയന്ത്രണം ഇല്ലാ എന്നും അറിയിച്ചു. Land Acquisition Ordinary Clause ൽ ഇക്കാര്യത്തിൽ ഏറ്റെടുക്കുന്നതിന് പകരം urgency clause ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടറുമായി നേരിട്ട് ബന്ധപ്പെട്ട് നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കി.

- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ സർവ്വേ NCC, NSS മറ്റ് സന്നദ്ധത സംഘടനകളുടെ സഹകരണത്തോടെ നടത്തുന്നതിനും അവർക്ക് കിടപ്പാടം, കുടിവെള്ളം, വൈദ്യുതീകരണം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു.

ആവശ്യമായ പോഷകാഹാരങ്ങൾ ഉറപ്പാക്കുന്നതിനും, തൊഴിൽ ലഭ്യമാക്കുന്നതിനും അവധി ദിവസങ്ങളിൽ ക്ലാസ്സുകൾ, പരിശീലനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, കഴിവുകൾ വികസിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടു. തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും പുതിയ ആശയങ്ങൾ മുന്നോട്ട് കൊണ്ടു വരുന്നതിനും വിജയകരമായി നടപ്പിലാക്കുന്നതിനും ഇപ്പോൾ നിലനിൽക്കുന്ന അവസ്ഥയിൽ നിന്നുള്ള ഒരു മാറ്റം സൃഷ്ടിക്കുന്നതിനും ആവശ്യപ്പെട്ടു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

- DPC നിരസിച്ചിട്ടുള്ള പദ്ധതികൾ കോ–ഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനും അംഗീകാരം ലഭ്യമാക്കുന്നതിനും, പദ്ധതികൾ DPC യിൽ അംഗീകാരത്തിനു സമർപ്പിക്കുന്നതിന് മുമ്പായി നഗരസഭാ പ്രതിനിധികൾ ആ വിവരം DPC യിൽ അറിയിച്ചു, ആവശ്യകത ചൂണ്ടികാണിക്കുന്നപക്ഷം അംഗീകാരം DPC യിൽ നിന്നും ലഭ്യമാക്കുന്നതിനു സഹായകരമാവുന്നതായിരിക്കും എന്ന് ചൂണ്ടിക്കാണിച്ചു.

- DPC യിൽ നിന്നും അംഗീകാരം നേടിയെടുക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ പൊന്നാനി ചെയർമാൻ വിവരിക്കുകയും DPC യിൽ ഘടനപരമായ മാറ്റങ്ങൾ അനിവാര്യമാണെന്നും അറിയിച്ചു. DPC പുന സംഘടിപ്പിക്കുന്നതിനും, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയിൽ നഗരസഭകളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും ചെയർമാൻ ആവശ്യപ്പെട്ടു.

- കോഴിക്കോട് നഗരസഭ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ കടമുറികൾക്ക് യഥാസമയം ഷട്ടർ സ്ഥാപിക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്ത് നിന്നും വീഴ്ച്ച കാരണം 1 കോടിയിൽ അധികം രൂപയുടെ നഷ്ടം നഗരസഭകൾക്ക് വന്നിട്ടുള്ളതായി ആഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള വിവരം ഗവഃ സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തി

- നഗരസഭകളുടെ വരവ് ചെലവിന്റെ യഥാർത്ഥ കണക്കുകൾ തയ്യാറാക്കുന്നതിനും, സിറ്റി ഡെവലപ്മെന്റിന് പ്രാധാന്യം നൽകുന്നതിനും, നഗരസഭകൾക്ക് കഴിഞ്ഞ 10 വർഷത്തെ വരവ് ചെലവുകളുടെ കണക്കുകളുടെ

Table Chart തയ്യാറാക്കുന്നതിനും ആവശ്യപ്പെട്ടു. നഗരസഭകളുടെ ആസ്തികളിൽ നിന്നുള്ള വരുമാനം നിലവിൽ ഒന്നും ഇല്ലെന്നും, ആസ്തികൾ എത്രയും വേഗം പ്രവർത്തനക്ഷമം ആക്കുവാനും ആയതിൽ നിന്നും വരുമാനം ലഭ്യമാക്കുന്നതിനും ം നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

- KURDFC യിൽ നിന്നുള്ള കുടിശ്ശിക വായ്പകൾ അടച്ചു

തീർക്കുന്നതിനും, viable project കൾക്ക് 9% പലിശയിൽ വായ്പകൾ ലഭ്യമാണെന്നും, പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണെന്നും അറിയിട്ടു. ഖരമാലിന്യ സംസ്കരണത്തിനും നിലവിൽ സ്ഥലം ഇല്ലാത്ത നഗരസഭകൾ ഉചിതമായ സ്ഥലം കണ്ടെത്തി Pollution Control Board ന്റെ അംഗീകാരത്തിന് വിധേയമായി പ്രവർത്തി ആരംഭിക്കേണ്ടതാണെന്നും അറിയിച്ചു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

ITEM No.6
ശ്രീ.ഈപ്പൻ ഫ്രാൻസിസ്
CTP

- IDSMT Scheme ന്റെ പുരോഗതി വിലയിരുത്തുകയും, IDSMTയുടെ

2–ാമത്തെ ഗഡു കൈപ്പറ്റാത്ത 11 നഗരസഭകൾ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കി. IDSMT പ്രകാരമുള്ള പദ്ധതികളിൽ പുരോഗതി ഇല്ലാത്ത നഗരസഭകൾ UIDSMT സ്കീമിൽ പ്രോജക്ട് നൽകിയാൽ ആയത് പരിഗണിക്കാൻ ഇടയില്ലെന്നും, IDSMT യിലെ പുരോഗതി വിലയിരുത്തി മാത്രമേ തുടർന്നുള്ള ഫണ്ട് ലഭിയ്ക്കുന്നതിനും പരിഗണിക്കുകയുള്ളു എന്നും അറിയിച്ചു. State Level Committee ഫെബ്രുവരി മാസത്തിൽ 15 ദിവസം ഇടവിട്ട് ചേരുന്നതാണെന്നും പ്രോജക്ടുകൾ സമർപ്പിച്ചു അംഗീകാരത്തിനായി അയക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടു. UIDSSMT പദ്ധതിയിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ സീവറേജ്, ട്രാഫിക്, ട്രാൻസ്പോർട്ട് എന്നീ ആവശ്യഘടകങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനും ആവശ്യപ്പെട്ടു (വിവിധ

പദ്ധതികളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച് അവതരിപ്പിച്ച പ്രസന്റേഷൻ അനുബന്ധമായി ചേർക്കുന്നു.

ITEM No.7
Managing Director
Kerala Water Authority

- നഗരസഭാ പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകേണ്ടതാണെന്നും, ആവശ്യക്കാർ ദിനംപ്രതി വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചു. KWA യുടെ ഫണ്ട് പരിമിതമാണെന്നതിനാൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നിലവിലുള്ള പഴയ പൈപ്പ് ലൈനുകൾ പുതുക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കി.

- കേരള വാട്ടർ അതോറിറ്റി അക്കൗണ്ട് മെമ്പർ ശ്രീ.ഗിരിജാ വല്ലഭൻ കുടിവെള്ള വിതരണം ഉൾപ്പെടെ JNNURM, UIDSSMT പദ്ധതികളിൻ കീഴിൽ നടത്താൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ വിശദീകരിച്ചു.

- കുടിവെള്ള വിതരണത്തിൽ നഗരസഭകൾ നേരിടുന്ന പ്രശ്നങ്ങൾ പെരിന്തൽമണ്ണ, വടകര എന്നീ നഗരസഭകളിലെ ചെയർമാൻ ചൂണ്ടിക്കാണിച്ചു.

- നഗരസഭകൾ കുടിവെള്ള വിതരണത്തിന് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനു അയച്ചു കൊടുക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനു നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

**ITEM No.8**
**ശ്രീമതി.ശാരദാ മുരളീധരൻ**
**എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

- IHSDP പദ്ധതിയിൽ പുതിയ പ്രോജക്ടുകൾ മാർച്ചിനു മുൻപായി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും കേരളത്തിന്റെ വിഹിതമായി 18 കോടി രൂപ വകയിരിത്തിയിട്ടുള്ളതിനാൽ എത്രയും വേഗം പരിശോധിച്ചു

സമർപ്പിക്കാൻ കഴിയുന്ന പ്രോജക്ടുകൾ തയ്യാറാക്കി അയക്കുന്നതിനും ആവശ്യപ്പെട്ടു.

നടപടി – നഗരസഭാ സെക്രട്ടറിമാർ

- ഇപ്പോൾ അലോക്കേഷൻ നോക്കേണ്ടതില്ലെന്നും പദ്ധതികൾക്ക് അംഗീകാരം first come first serve basis ആയതിനാൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശിച്ചു.

- DPR സമർപ്പിക്കാത്ത നഗരസഭകളുടെ ലിസ്റ്റ് അവതരിപ്പിച്ചു ആയത് അനുബന്ധമായി ചേർക്കുന്നു.

**ITEM No.9**
**ശ്രീ.പ്രസാദ്,**
**IKM**

- നഗരസഭ സെക്രട്ടറിമാർക്ക് ഓണസമ്മാനമായി നൽകാൻ തീരുമാനിച്ചിരുന്ന LapTop 2006 ൽ നൽകാൻ കഴിഞ്ഞിട്ടില്ലായെന്നും ആയത് 2007 ആദ്യം നൽകാൻ സാധിച്ചതിൽ സന്തോഷം അറിയിക്കുകയും ചെയ്തു.

- Sankya Software സംബന്ധിച്ച പരിശീലനം നഗരസഭാ ജീവനക്കാർക്ക് നൽകുന്നതാണെന്ന് അറിയിച്ചു.

**ശ്രീ.എ.ഷാജഹാൻ.ഐ.എ.എസ്**
**നഗരകാര്യ ഡയറക്ടർ**

- വസ്തു നികുതി പരിഷ്കാരം അപാകതകൾ പരിഹരിച്ച് 1–4–07 മുതൽ നടപ്പിലാക്കാൻ നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുകയാണെന്നും അറിയിച്ചു. നഗരസഭകളുടെ Income Expenditure & Balance Sheet എല്ലാ മാസവും തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചു. നഗരസഭാ സെക്രട്ടറിമാർ ഉൾപ്പെടെയുള്ളവരുടെ CR സമർപ്പിക്കേണ്ടവർ 31–1–07 ന് മുൻപായി സമർപ്പിക്കുന്നതിനും, ജനുവരി 15 ലെ സ്ഥിതി അനുസരിച്ച് Annual Property Statement സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കി. നഗരസഭാ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും യഥാസമയം അപേക്ഷ

സമർപ്പിക്കുന്നില്ലെന്നും, 1980 കളിലും 1990 കളിലും ജോലിയിൽ പ്രവേശിച്ചുവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും ഇപ്പോൾ മാത്രമാണ് അപേക്ഷ ലഭിക്കുന്നത് എന്നും, ഇക്കാര്യത്തിൽ യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നതിനും ആവശ്യപ്പെട്ടു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

- നഗരസഭാ ജീവനക്കാർക്കുള്ള പി.എഫ് ക്രെഡിറ്റ് കാർഡ്

തയ്യാറാക്കുന്നതിലേക്കായി എല്ലാ നഗരസഭകളിലും 1–12–81 മുതൽ പി.എഫ് ഇനത്തിൽ വസൂലാക്കി CPF ൽ ഒടുക്കിയിട്ടുള്ള തുകകളുടെ വിശദ വിവരം, (ജീവനക്കാരന്റെ പേരും, അക്കൗണ്ട് നം, ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ എന്നിവ) തയ്യാറാക്കി Floppy യിൽ ആക്കി അടുത്ത PRM ന് വരുമ്പോൾ എത്തിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാരോട് നിർദ്ദേശിച്ചു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

**ശ്രീ.റ്റി.കെ.ജോസ്.ഐ.എ.എസ്**
**ഗവഃ സെക്രട്ടറി,**
**തദ്ദേശ സ്വയംഭരണ വകുപ്പ്**

- നഗരസഭകൾ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ള

ആസ്തികളുടെ യഥാർത്ഥ വില കണക്കാക്കുന്നതിനു നഗരസഭകളുടെ മാപ്പ് പരിശോധിച്ച് പൊതു നിരത്തുകളിൽ കുടിവെള്ള വിതരണത്തിന് സ്ഥാപിട്ടുള്ള പൈപ്പുകളിൽ വെള്ളം ലഭിക്കാത്ത Stand Post പ്രകാരം തുക ഈടാക്കുന്നത് നിർത്തുന്നതിനും ഇത് സംബന്ധിച്ച കണക്ക് എടുക്കുന്നതിനും, KWA യിൽ ഒടുക്കുന്നതിനു അറിയിച്ചിട്ടുള്ള പഴയ കുടിശ്ശിക ഒന്നായി കാണുന്നതിനും പുതിയ ഉപയോഗം അനുസരിച്ച് തുക നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചു. ഇക്കാര്യത്തിന് എന്തെങ്കിലും തർക്കമുള്ള പക്ഷം ആയത് ജില്ലാ കളക്ടർ, ആർ.ഡി.ഒ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആവശ്യപ്പെട്ടു.

നടപടി – എല്ലാ നഗരസഭാ സെക്രട്ടറിമാരും

**ശ്രീ.ആനന്ദ്സിംഗ്.ഐ.എ.എസ്.**
**KSUDP**

- നഗരസഭകൾക്ക് വിവിധ നികുതി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിശദാംശങ്ങൾ Graphical Presentation മുഖേന അവതരിപ്പിച്ചു (പ്രസന്റേഷൻ അനുബന്ധമായി ചേർത്തിരിക്കുന്നു)

**ITEM No.**
**ശ്രീ.മത്തായി**
**Company Secretary cum Financial Manager**
**KURDFC**

- നഗരസഭകളിൽ നിന്നും അംഗീകാരത്തിന് ലഭിക്കുന്ന പദ്ധതികൾ വളരെ കുറവാണെന്നും 4 സ്കീമുകൾക്ക് ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതായും അറിയിച്ചു. ഡയറക്ടർ ബോർഡ് എല്ലാ മാസവും ചേരുന്നതിനാൽ സ്കീമുകൾ സമർപ്പിച്ചാൽ വളരെ വേഗം അംഗീകാരം ലഭ്യമാക്കാവുന്നതാണെന്നും വ്യക്തമാക്കി.

- കുടിശ്ശികകൾ ഉള്ള നഗരസഭകൾ ആയത് എത്രയും വേഗം തീർപ്പാക്കുന്നതിനു കഴിഞ്ഞ ഡയറക്ടർ ബോർഡിൽ 31-3-2007 വരെ അടച്ചു തീർക്കുന്ന കുടിശ്ശികകൾക്ക് പിഴപലിശ ഒഴിവാക്കി കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായും അറിയിച്ചു.

**ITEM No.**
**ശ്രീ.ജോർജ്ജ് വള്ളക്കാലിൽ**
**സെക്രട്ടറി, കാസർഗോഡ് നഗരസഭ**

നഗരസഭ ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ചെയ്യുന്ന വേലകൾക്ക് ഡി.പി.സി അംഗീകാരം വേണമെന്ന നിബന്ധന ഒഴിവാക്കണം.

2. മെയിന്റനൻസ് ഗ്രാന്റ് MF No.1 ൽ ക്രഡിറ്റ് ചെയ്ത് lapse ആകുന്നത് ഒഴിവാക്കണം.

3. ഓരോ പ്രോജക്റ്റും ഡി.പി.സി അംഗീകരിക്കണം എന്നത് ഒഴിവാക്കണം.

4. ആകെ പ്രോജക്ട് കോസ്റ്റിനും സെക്ടറൽ അലോക്കേഷനും മാത്രം ഡി.പി.സി അംഗീകാരം എന്നാക്കണം.

5. പ്രോജക്ടിൻരെ മാറ്റങ്ങൾ Sector Allocation ന് വിധേയമായി തീരുമാനിക്കുന്നതിന് കൗൺസിലിന് അധികാരം നൽകണം.

6. Allocation നേക്കാൾ കുറഞ്ഞത് 25% എങ്കിലും കൂടുതൽ തുകയ്ക്കുള്ള പ്രോജക്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് അനുമതി നൽകണം. ഒരു പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കാതെ വന്നാൽ അംഗീകാരം ലഭിച്ച മറ്റൊരു പ്രോജക്ട് നടപ്പിലാക്കുന്നതിന് കഴിയണം.

7. Property Tax Rules ഉണ്ടാകണം.

8. ഡി. & ഒ. ലൈസൻസ് സംബന്ധിച്ച റൂൾസ് ഉണ്ടാക്കണം.

9. ഹുന്ദു മാര്യേജ് ആക്ട് പ്രകാരം രജിസ്ട്രാർമാരായ മുനിസിപ്പൽ സെക്രട്ടറിമാരെ ജോലി ഭാരവും online registration നടത്തേണ്ട ആവശ്യകതയും കണക്കിലെടുത്ത് ഒഴിവാക്കി നിലവിൽ ജനന മരണ രജിസ്ട്രാർമാരായ ഹെൽത്ത് ഇൻസ്പെക്ടർമാരെ രജിസ്ട്രാർമാരായി നിയമിക്കണം. 30 ദിവസത്തിൽ കൂടുതൽ delay condone ചെയ്യുന്നതിനുള്ള അധികാരം മുനിസിപ്പൽ സെക്രട്ടറിമാർക്ക് നൽകണം. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ delay condone ചെയ്യുന്നതിന് അധികാരപ്പെടുത്തിയത് ശരിയല്ല. ടിയാൻമാർ Ist grade Municipal Secretary / Corporation Secretary മാരുടെ ഗ്രേഡിൽ താഴെയുള്ള ഉദ്യോഗസ്ഥൻമാരാണ്.

10. മുനിസിപ്പൽ സെക്രട്ടറിക്ക് തന്റെ കീഴ് ജിവനക്കാർക്കും / ഉദ്യോഗസ്ഥർക്കും എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനും അധികാരമുണ്ടെന്ന് clarify ചെയ്യണം. Writ Appeal No.2528/05.

11. നഗരസഭയിലെ ഒരോ ഉദ്യോഗസ്ഥന്റെയും തൊഴിൽപരമായ ഉത്തരവാദിത്വവും കടമയും ബാദ്ധ്യതയും പ്രത്യേകം നിർവചിക്കണം.

12. Audit നടത്തിയതിനു ശേഷം Charge / Surcharge നടപടികൾ തുടങ്ങുന്നതിനു മുമ്പ് സർക്കാരിന്റെ അനുമതി വാങ്ങണം.

13. നഗരസഭകളിൽ അക്കൗണ്ടന്റ് ജനറലിന്റെ മാത്രം ആഡിറ്റ് നടത്തണം.

14. മുനിസിപ്പാലിറ്റീസ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം.

15. Advocate fees rules amend ചെയ്യണം.

16. 2005 ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള ചട്ടങ്ങൾ ആക്ടിന് വിരുദ്ധമായ ചട്ടങ്ങൾ ഭേദഗതി ചെയ്യണം.

17. നഗരസഭകൾക്ക് പ്രത്യേക Store purchase manual ഉണ്ടാക്കണം

## കേരള മുനിസിപ്പൽ സെക്രട്ടറീസ് അസോസിയേഷൻ പരിഗണനക്കായി ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു

1. ബഹു: ശമ്പള പരിഷ്കരണ അനോമിലി കമ്മിറ്റി മുമ്പാകെ അസോസിയേഷൻ സമർപ്പിച്ച മെമ്മോറാണ്ടത്തിൻമേൽ Departmental തല recommendation നൽകണം.

2. Departmental Promotion Committee യഥാസമയം കൂടുന്നതിന് നടപടി സ്വീകരിക്കണം.

3. നഗരസഭാ സെക്രട്ടറിമാരെ അവരുടെ ഗ്രേഡ് അനുസരിച്ചുള്ള നഗരസഭകളിൽ നിയമിക്കണം.

4. Writ അപ്പീൽ നമ്പർ 2528/05 ടി കേസ്സിൽ മുനിസിപ്പൽ സെക്രട്ടറിക്ക് തന്റെ കീഴ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനും അധികാരമുണ്ടെന്ന് ഗവഃ ൽ നിന്ന് counter നൽകണം (മുനിസിപ്പൽ എഞ്ചിനീയറെ സസ്പെൻഡ് ചെയ്യുന്നതിന് സെക്രട്ടറിക്ക് അധികാരമില്ലെന്ന് ബഹു: ഹൈക്കോടതിയിലെ വിധിക്കെതിരെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി ഫയൽ ചെയ്ത അപ്പീൽ കേസ് നമ്പർ ആണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്.

5. മുനിസിപ്പൽ സെക്രട്ടറിമാർക്ക് കേരളത്തിന് അകത്തും പുറത്തും ട്രെയിനിംഗ് നൽകണം.

6. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ഉള്ള JNNURM പ്രോജക്ടിൽ കോർപ്പറേഷൻ സെക്രട്ടരിമാരുടെ ഗ്രേഡിൽ ഉള്ള സെക്രട്ടറിമാരെ പ്രോജക്ട് ഡയറക്ടർമാരായി നിയമിക്കണം.

7. ഹിന്ദു വിവാഹ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 30 ദിവസത്തിനകം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥനായി Death & Birth Registrar ആയി ഇപ്പോൾ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരെ അധികാരപ്പെടുത്തണം. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് 30 ദിവസത്തിൽ കൂടുതൽ കാലതാമസം വരുന്നത് മാപ്പാക്കുന്നതിനുള്ള അപ്പലേറ്റ് അതോറിറ്റിയായി മുനിസിപ്പൽ സെക്രട്ടറിമാരെ നിയമിക്കണം.

8. Joint Director Head Quarters ന്റെ Post Additional Director Post ആയി ഉയർത്തണം.

9. നഗരസഭയിലെ ഓരോ ഉദ്യോഗസ്ഥന്റെയും തൊഴിൽപരമായ ഉത്തരവാദിത്വവും കടമയും ബാദ്ധ്യതയും പ്രത്യേകം നിർവ്വചിക്കേണ്ടതാണ്.

10. നഗരസഭകളിൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് മാത്രം നടത്തണം.

11. ഡവലപ്മെന്റ് അതോറിറ്റികൾ പിരിച്ചു വിടരുത്. നിലവിലുള്ള അതോറിറ്റികളെ കൂടുതൽ ശക്തിപ്പെടുത്തണം.

12. കേരള മുനിസിപ്പാലിറ്റീസ് ആക്റ്റിന് കാലോചിതമായ ഭേദഗതികൾ വരുത്തണം.

13. Corporation Secretary യുടെ ഗ്രേഡിൽ നിന്നും reversion aqew Ist Grade Secretary ആയിരിക്കുന്ന P.V.Jyothy ക്ക് Corporation Secretary യുടെ Post ലേക്ക് promotion നൽകണം. ആയതിന് നിലവിൽ Election Commision ൽ retirement മൂലം ഒഴിവുള്ള Joint Director തസ്തിക നികത്തിയാൽ മതിയാകുന്നതാണ്.

15. കോർപ്പറേഷനുകളിലെ കോർപ്പറേഷൻ സെക്രട്ടറിമാരുടെ ഗ്രേഡിൽ ഉള്ള സെക്രട്ടറിമാരെ നിയമിക്കണം.

- നഗരസഭ ഭരണം മെച്ചപ്പെടുത്തുന്നതിന് എല്ലാവരും ആത്മാർത്ഥമായി ശ്രമിക്കണമെന്നും, കഴിവ്, അറിവ്, കാര്യപ്രാപ്തി എന്നിവ മെച്ചപ്പെടുത്തേണ്ടതാണെന്നും, Team work കൊണ്ട് മാത്രമേ നഗരസഭരണത്തിൽ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളു എന്നതിനാൽ ഉദ്യോഗസ്ഥ വിഭാഗത്തെ ഒരു ടിം ആയി കൊണ്ടു പോകുന്നതിനും നഗരസഭാ അദ്ധ്യൻമാരും, സെക്രട്ടറിമാരും മുൻകൈ എടുക്കുന്നതിന് ആവശ്യപ്പെട്ടു. നഗരസഭാ പ്രദേശത്തെ വരുന്ന വികസനം നാടിന്റെ തന്നെ വികസനമാകും എന്നതിനാൽ മനോധൈര്യം വർദ്ധിപ്പിക്കുന്ന തരത്തിൽ നടപടികൾ മുന്നോട്ട് കൊണ്ടു പോകുന്നതിനും ആവശ്യപ്പെട്ടു.

- അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നഗരസഭകൾ മുൻകൈ എടുക്കേണ്ടതാണെന്ന് ഗവഃ സെക്രട്ടറി എടുത്തു പറഞ്ഞു. പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഉണ്ടാകണമെന്നും ഫണ്ട് വിനിയോഗം 90% ആക്കുന്നതിനും അവശ്യപ്പെട്ടു.

- യോഗത്തിൽ പങ്കെടുത്ത നഗരസഭാ അദ്യക്ഷൻമാർക്കും, നഗരസഭാ സെക്രട്ടറിമാർക്കും (പ്രതിനിധികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും നഗരകാര്യ ഡയറക്ടർ ശ്രീ.എ.ഷാജഹാൻ നന്ദി രേഖപ്പെടുത്തി.

## Conclusion

യോഗം വൈകുന്നേരം 7.15 ന് അവസാനിച്ചു.

**ശ്രീ.ടി.കെ.ജോസ്. ഐ.എ.എസ്**
ഗവഃ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

**ശ്രീ. എ.ഷാജഹാൻ. ഐ.എ.എസ്**
നഗരകാര്യ ഡയറക്ടർ

## അനുബന്ധം 1

യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ്

| | |
|---|---|
| 1. പ്രിൻസിപ്പൽ സെക്രട്ടറി | – തദ്ദേശ സ്വയംഭരണ വകുപ്പ് |
| 2. ശ്രീമതി.ശാരദ മുരളീധരൻ | – എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ |
| 3. ശ്രീ. ആനന്ദ് സിംഗ്.ഐ.എ.എസ് | – പ്രോജക്ട് ഡയറക്ടർ, KSUDP. |
| 4. ശ്രീ. കെ.പി.മാത്യു | – ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്. |
| 5. ഡോ. സലിം | – ഡയറക്ടർ, ക്ലീൻ കേരള മിഷൻ. |
| 6. ശ്രീ. പി.എം. മുഹമ്മദ് അലി | – മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി.. |
| 7. ശ്രീ.ഈപ്പൻ വർഗ്ഗീസ് | – ചീഫ് ടൗൺ പ്ലാനർ, ടൗൺപ്ലാനിംഗ് വകുപ്പ്. |
| 8. ശ്രീ.എം.കെ.പ്രസാദ് | – എക്സിക്യൂട്ടീവ് ചെയർമാൻ, IKM. |
| 9. ശ്രീ. എം.എ.ശ്രീധരൻ നായർ | – റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം. |
| 10. ശ്രീ. മുഹമ്മദ് ഷെരീഫ് | – റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി. |
| 11. ശ്രീ. ആർ.കെ.സത്യനാഥൻ | – റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്. |

## ATTENDENCE FOR MEETING AS ON 15-01-07

### Name of Municipal / Corporation Secretaries

| Sl. No | | Name | Office | Mobile No | Signature |
|---|---|---|---|---|---|
| | **Regional Office** | | | | |
| 1 | RJDUA, Kollam | M.A.Sreedharan Nair | 2748812 | 9446425234 | |
| 2 | RJDUA, Kochi | C.M.Muhammed Sheriff | 2361707 | 9447937971 | |
| 3 | RJDUA, Kozhikode | R.K.Sathyanathan | 2720340 | 9847252934 | |
| | **Corporation** | | | | |
| 1 | Thiruvananthapuram | T.K.Raveendran | 2332085 | 9447044141 | |
| 2 | Kochi | V.Raju | 2351211 | 9387761833 | |
| 3 | Kollam | A.K.Sasikala | 2742724 | 9446544192 | |
| 4 | Thrissur | P.M.Devarajan | 2423522 | 9847724734 | |
| 5 | Kozhikode | P.Venugopal | 2365388 | 9446373522 | C.G for secy. |
| | **Ist Grade Municipalities** | | | | |
| 1 | Alappuzha | T.Santhosh | 2251123 | 9447214399 | 15.1.07 |
| 2 | Changanassery | K.V.Vijayakumar | 2429804 | 9446023043 | |
| 3 | Kottayam | S.Vijayakumar | 2567358 | 9447430808 | |
| 4 | Thiruvalla | T.Sudhadevi | 2631218 | ~~9349150337~~ | 9445594085 |
| 5 | Aluva | P.V.Jyothi | 2624304 | 9446569930 | |
| 6 | Perumbavoor | M.E I/C | 2527159 | | |
| 7 | Tirur | Kunhi Mohammed | 2422304 | 9446515233 | |
| 8 | Kannur | B.Indrabalan Pillai | 2700234 | 9847940800 | 15.1.07 |
| 9 | Vadakara | C.Radhakrishna Kurup | 2515190 | 9447556949 | |
| 10 | Palakkad | Baby Antony | 2534094 | 9846849557 | |
| 11 | Thalassery | Johny Sebastian | 2340252 | 9447054572 | |
| 12 | Kasaragod | George Vallakkalil | 2430251 | 9446051557 | |
| | **IInd Grade Municipalities** | | | | |
| 1 | Neyyattinkara | Binu Francis | 2222278 | 9447303769 | |
| 2 | Attingal | M.Nizarudeen | 2622417 | 9447320755 | |
| 3 | Punalur | **Vacant** | **2222683** | | |
| 4 | Pathanamthitta | N.Santhoshkumar | 2222249 | 9446397212 | |
| 5 | Kayamkulam | R.Sudheer Raj | 2445060 | 9447857824 | |
| 6 | Cherthala | K.Harikumar | 2812336 | 9947264804 | |
| 7 | Palai | K.Sudheer | 210114 | 9447807030 | |
| 8 | Thodupuzha | Reghu Raman | 222712 | | |
| 9 | Kothamangalam | Dr. Samji David | 2822260 | 9447349131 | |
| 10 | Muvattupuzha | V.R.Raju | 2830732 | 9447413433 | |
| 11 | Kunnamkulam | N.Vijayakumar | 223403 | ~~9495507539~~ | 9446578719 |
| 12 | North Paravoor | C.Vijayamohanan | 2442327 | 9447439102 | |
| 13 | Thripunithura | G.Padmakumar | 2781033 | 9446480585 | |
| 14 | Angamaly | V.V.Sathyavan | 2458917 | 9446217842 | |
| 15 | Chalakkudy | P.Sudhakaran | 2704597 | 9847152499 | |
| 16 | Irinjalakkuda | P.G.Gopi | 2825230 | 9349858538 | |

| Sl. No | | Name | Office | Mobile No | Signature |
|---|---|---|---|---|---|
| ~~17~~ | ~~Kodungalloor~~ | ~~K.V.S.Sivan~~ | ~~2805300~~ | ~~9447274918~~ 9495353364 | |
| 18 | Shoranur | R.Lalu | 2222427 | 9447638886 | |
| 19 | Malappuram | **Vacant** GIRIJA. Supdt | **2734228** | 9447878805 | |
| 20 | Perinthalmanna | ~~K.S.Lalithambika~~ K.V. Velayudhan | 229757 | 9847471444 | |
| 21 | Manjeri | K.M.Basheer | 2765609 | 9447209079 | |
| 22 | Kanhangad | ~~B.K.Balraj~~ G. Balachandran | 2704625 | 944706735 | |
| | | **IIIrd Grade Municipalities** | | | |
| 1 | Nedumangad | A.S.Anuja | 2814443 | ~~9349806709~~ 9495073439 | |
| 2 | Varkala | S.Meenakumari | 2609358 | 9387801926 | |
| 3 | South Paravoor | G.Rajendran Nair | 2512440 | | |
| 4 | Adoor | N.Lalu | 228362 | 9446441104 | |
| 5 | Mavelikkara | B.Sreekumar Shaji B | 2304694 | 9447687903 | |
| 6 | Chengannur | K.Premachandran | 2452260 | 9446317523 | |
| 7 | Vaikom | P.A.Pius | 2622229 | 9447282309 | |
| 8 | Kalamassery | G.Sudhakaran | 2540170 | 9446443202 | |
| 9 | Chavakkadu | **Vacant** | **2507367** | | |
| 10 | Guruvayur | C.C.Sasidharan | 2515190 | 9847210068 | |
| 11 | Chittoor- Thathamangal | A.C.Kuriakose | 256775 | 9447415172 | |
| 12 | Ottappalam | P.Vijayan | 2244349 | 9447654535 | |
| 13 | Ponnani | V.K.Rajan | 26666336 | 9447516521 | |
| 14 | Kalpetta | K.N.Krishnankutty | 203744 | 9446392799 | |
| 15 | Payyannur | Arun Rangan | 203238 | | |
| 16 | Kuthuparambu | K.P.Vinayan | 2361246 | 9447690796 | |
| 17 | Thaliparambu | P.Radhakrishnan | 205940 | 9447964037 | |
| 18 | Koilandy | Ajesh.T.G | 2620881 | 9446822566 | |
| 19 | Mattannur | P.K.Radhamohan | 2471097 | 9447360258 | |

20. Thrissur Satheesan. T.P 9446698046

21 KURDFC Mohan. T.D 9446521345

22. K. Raghunathan Dy. Secretary Mun

23. P.K. Anees Secretary (Trainee) 944767842